**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **02-02-2026 - ൽ മറുപടിയ്ക്ക്**

**കാവും കുളവും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016–17 മുതൽ 2025–26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കാവും കുളവും പദ്ധതിയിൽ ആകെ എത്ര സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | വനം വകുപ്പിൽ കാവും കുളവും എന്ന പദ്ധതി നിലവിൽ ഇല്ലാത്തതാണ്. എന്നിരുന്നാലും കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗം മുഖേന 24.12.2016 ലെ സ.ഉ(സാധാ).485/16/വനം, നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 5 കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ധനസഹായം അനുവദിച്ചിട്ടുള്ള സ്ഥലങ്ങളുടെ പേരും ഓരോ സ്ഥലത്തിനും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ധനസഹായം നൽകിയിട്ടുള്ള കാവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വർഷം | കാവിന്റെ പേര് , സ്ഥലം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1 | 2017-18 | കല്ലിയൂർ ശ്രീ നാഗരമ്മൻ കാവ്, കാക്കവിള(പി.ഒ), നെയ്യാറ്റിൻകര | 20,000/- |
| 2 | 2018-19 | കൊട്ടുമം ശ്രീനാഗർഭഗവതിക്കാവ്, അമരവിള, നെയ്യാറ്റിൻകര | 20,000/- |
| 3 | 2020-21 | ചാത്തിനാർ ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം, പഴയകട, തിരുപുറം(പി.ഒ) | 14,950/- |
| 4 | | ചിലയറത്തല ക്ഷേത്രം കാവ് | 8,000/- |
| 5 | 2023-24 | ശ്രീനാഗയക്ഷിയമ്മൻ ക്ഷേത്രം,ചെങ്കവിള, വെളിയാട്ടുകോണം,അയിര | 15,000/- |